23
2026
ഫെബ്രുവരി
തിങ്കൾ
കുംഭം 23

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 42 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-42 പേജ് 4. വില 2.00 രൂപ




02 നിലവാരമുള്ള വിദ്യാഭ്യാസം കിട്ടുന്ന ഇടമായി കേരളം മാറി: മുഖ്യമന്ത്രി
03 ആറ്റുകാൽ പൊങ്കാല: അപകടങ്ങൾ ഒഴിവാക്കാൻ നിർദേശങ്ങളുമായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
04 ചിലക്കൂർ തുരങ്കം നവീകരണം വാട്ടർ ടൂറിസത്തിന് ഉണർവേകും

# ഫെബ്രുവരിയിൽ ലൈഫ് മിഷൻ സ്വപ്നനേട്ടം കൈവരിക്കും

തൃശൂർ: വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്ന ഇടതുപക്ഷസർക്കാർ വിഭാ?വനം ചെയ്ത ലൈഫ് ഭവന പദ്ധതി സ്വപ്നനേട്ടം കൈവരിക്കാനൊരുങ്ങുന്നു.

വരുന്ന ഫെബ്രുവരിയിൽ ലൈഫ് പദ്ധതിയിൽ അഞ്ച് ലക്ഷം വീടുകൾ പൂർത്തീകരിക്കുമെന്ന് തദ്ദേശമന്ത്രി എം ബി രാജേഷ് അറിയിച്ചു. ആ ചരിത്രനേട്ടം വിപുലമായി ആഘോഷിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

വയനാട്ടിലെ ദുരന്തബാധിതരുടെ പുനരധിവാസത്തിനായി യുഡിഎഫ് നിർ



മിച്ചുനൽകുന്നവ്ടുകളെക്കുറിച്ച് സംസാരിക്കുമ്പോൾ കണക്കെല്ലാം ക്ലിയർ ആണെന്നാണ പ്രതിപക്ഷനേതാവ വി ഡി സതീശൻ പറഞ്ഞത്. 30 സെക്കന്റ് കൊണ്ട് അദ്ദേഹം 300 വീടുണ്ടാക്കി. അതുപോലുള്ള കണക്കല്ല ലൈഫ് മിഷന്റേത്.- മന്ത്രി പറഞ്ഞു.

ലൈഫ് ഭവന പദ്ധതിയ്ക്ക് നിതി ആയോ?ഗിന്റെ അം?ഗീകാരം കഴിഞ്ഞദിവസം ലഭിച്ചിരുന്നു. ഭവനനിർമാണ പദ്ധതികളിൽ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസുകളിൽ ഒന്നായി ലൈഫ് പദ്ധതിയെ തെരഞ്ഞെടുത്തു. ലൈഫ് പദ്ധതിയിൽ ഇതുവരെ 6,00,547 വീടുകൾ നിർമിക്കാനാണ് അനുവദിച്ചത്. അതിൽ 4,76,076 വീടുകൾ പൂർത്തിയാക്കി. 1,24,471 വീടുകളുടെ നിർമാണം നടക്കുകയാണ്. ഭവനനിർമാണത്തിന് ഇന്ത്യയിൽ ഏറ്റവും ഉയർന്ന തുക ലൈഫ് പദ്ധതിയാണ് നൽകുന്നത്. ഒരു വീടിന് നാല് ലക്ഷം രൂപ വീതമാണ് ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ നൽകുനന്ത്.

പട്ടികവർഗ കുടുംബങ്ങൾക്ക് ആറ് ലക്ഷം രൂപയും. ഈ ലൈഫ് മിഷനാണ് അധികാരത്തിലെത്തിയാൽ പൂട്ടും എന്ന് യുഡിഎഫ് പ്രഖ്യാപിച്ചത്. ഇനിയും യുഡിഎഫിന് അങ്ങനെ പറയാനുള്ള ധൈര്യമുണ്ടോ എന്നും മന്ത്രി ചോദിച്ചു.

# കരയോടടുത്ത് മത്സ്യബന്ധനം നടത്തിയ ട്രോളർ ബോട്ട് പിടികൂടി

വിഴിഞ്ഞം: കോവളത്തിന് സമീപം രാത്രി കരയോട് ചേർന്ന് മത്സ്യബന്ധനം നടത്തിയ ട്രോളർ ബോട്ട് ഫിഷറീസ് വകുപ്പ് കസ്റ്റഡിയിലെടുത്തു. കൊല്ലം സ്വദേശി സന്തോഷിന്റെ ഉടമസ്ഥതയിലുള്ള പൊന്നു എന്ന ബോട്ടാണ് പിടിയിലായത്. വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ അസിസ്റ്റന്റ് ഡയറക്ടർ രാജേഷിന്റെ നിർദ്ദേശത്തെ തുടർന്ന് പിടിച്ചെടുത്ത ബോട്ട്

തുടർനടപടികൾക്കായി വിഴിഞ്ഞം വാർഫിൽ സൂക്ഷിച്ചിരിക്കുകയാണ്. ലൈഫ് ഗാർഡുമാരായ പനിയടിമ, ഷാജഹാൻ, ജോർജ്, ഹസൻ കണ്ണ്, ഇമാമുദ്ദീൻ എന്നിവർ ഉൾപ്പെട്ട സംഘമാണ് ബോട്ട് കസ്റ്റഡിയിൽ എടുത്തത്.



നിയമവിരുദ്ധമായി മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്ന് വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷൻ അധികൃതർ അറിയിച്ചു.

## ചെങ്കോട്ടുകോണത്ത് സ്കൂളിൽ വൻ തീപിടിത്തം; മൂന്ന് ബസുകൾ കത്തി നശിച്ചു

തിരുവനന്തപുരം: ചെങ്കോട്ടുകോണത്ത് സ്കൂളിൽ വൻ തീപിടിത്തം. തുണ്ടത്തിൽ ട്രിവാൻഡ്രം സ്കോട്ടിഷ് സ്കൂളിലാണ് തീപിടിത്തമുണ്ടായത്. അപകടത്തിൽ മൂന്ന് സ്കൂൾ ബസുകൾ കത്തിനശിച്ചു. പുലർച്ചെ മൂന്നോടെയാണ് തീപിടിത്തം. സ്കൂൾ ഗ്രൗണ്ടിൽ പാർക്ക് ചെയ്ത ബസുകളാണ് തീപിടിത്തത്തിൽ കത്തി നശിച്ചത്. മൂന്ന് ബസുകൾ പൂർണമായും ഒരു ബസ് ഭാഗികമായും കത്തിനശിച്ചിട്ടുണ്ട്.

സ്കൂളിൽ നിന്ന് തീ ഉയരുന്നത് കണ്ട പ്രദേശവാസികളാണ് അഗ്നിശമന സേനയെയും പോലീസിനെയും വിവരം അറിയിച്ചത്. തുടർന്ന് അഗ്നിശമന സേന യൂണിറ്റ് സ്ഥലത്തെത്തി തീ കെടുത്തി. അപകട സമയം സ്കൂളിൽ ഒരു സെക്യൂരിറ്റി ജീവനക്കാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

എന്നാൽ തീപിടിത്തത്തിൻറെ കാരണം വ്യക്തമല്ല. സിസിടിവി ദൃശ്യങ്ങൾ ഉൾപ്പെടെ പരിശോധിച്ചുവരുന്നതായി പോലീസ് അറിയിച്ചു.

## ഇഞ്ചക്ഷനു പിന്നാലെ മരണം: രണ്ടര വയസുകാരിയുടെ മരണം ചികിത്സാ പിഴവെന്ന് പരാതി

കാട്ടാക്കട: സ്വകാര്യ ആശുപത്രിയിൽ ചികിത്സാ പിഴവിനെ തുടർന്ന് രണ്ടര വയസുകാരി മരിച്ചതായി പരാതി.

പൂവച്ചൽ പുനലാൽ ചക്കിപാറ സ്വദേശി സിദ്ധിഖ്, ഫാസിലത്ത് ദമ്പതികളുടെ മകൾ ഐഷ ഫാത്തിമയാണ് മരിച്ചത്. ശ്വാസതടസത്തെത്തുടർന്ന് ആശുപത്രിയിൽ എത്തിച്ച കുഞ്ഞിന് കുത്തിവയ്പിനെ തുടർന്നുണ്ടായ അസ്വസ്ഥതയാണ് മരണകാരണമെന്ന് ബന്ധുക്കൾ ആരോപിച്ചു. സംഭവത്തിൽ പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു. ശ്വാസതടസം അനുഭവപ്പെട്ടതിനെ തുടർന്ന് വെള്ളിയാഴ്ചയാണ് കുഞ്ഞിനെ കാട്ടാക്കടയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ച് ചികിത്സ നൽകിയത്. രാവിലെ വീണ്ടും കുഞ്ഞിന് അസ്വസ്ഥതയുണ്ടായി.

കാട്ടാക്കടയിലെ സ്വകാര്യ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം തിരുവനന്തപുരം മെഡിക്കൽ കോളജിൽ പോസ്റ്റ്മോർട്ടം നടത്തും. റിപ്പോർട്ട് കിട്ടിയാൽ മാത്രമേ മരണകാരണം വ്യക്തമാകൂ. കുട്ടിയുടെ ബന്ധുക്കളുടെ മൊഴി കണക്കിലെടുത്ത് പോലീസ് കേസെടുത്തു.

## ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിയോടുകൂടി മഴയെത്തും

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. അടുത്ത മണിക്കൂറിൽ കൊല്ലം, പത്തനംതിട്ട, തൃശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ട്. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന് മുകളിലായി ശക്തി കൂടിയ ന്യൂനമർദം സ്ഥിതി ചെയ്യുന്നതാണ് മഴയ്ക്ക് കാരണം.

## കോസ്റ്റൽ കമ്മ്യൂണിറ്റി കോർഡിനേഷൻ ഫോറം നിവേദനം സമർപ്പിച്ചു

തിരുവനന്തപുരം: തീരദേശത്തെ പതിനാലു മത്സ്യതൊഴിലാളി സംഘടനകൾ ഒത്തു ചേർന്ന് പ്രവർത്തിക്കുന്ന 'കോസ്റ്റൽ കമ്മ്യൂണിറ്റി കോർഡിനേഷൻ ഫോറ'ത്തിന്റെ പേരിൽ, ദീർഘനാളത്തെ ചർച്ചകൾക്കൊടുവിൽ, ഈ വരുന്ന കേരള നിയമ സഭ ഇലക്ഷനിൽ രാഷ്ട്രീയ പാർട്ടികൾ തയ്യാറാക്കുന്ന തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ ഉൾപെടുത്തേണ്ട തീരദേശത്തിന്റെ വികസനത്തെ മുൻനിർത്തി നാല്പത്തി രണ്ട് നിർദേശങ്ങൾ അടങ്ങിയ രേഖ

ഇന്ന് രാഷ്ട്രീയ പാർട്ടി നേതാക്കൾക്ക് സമർപ്പിച്ചു. കമ്യൂണിസ്റ് പാർട്ടി സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ മാഷിനും, കോൺഗ്രസ്സ് നേതാവ് മുൻമുഖ്യമന്ത്രി എ. കെ. ആന്റണിക്കും തിരുവനന്തപുരം പാർട്ടി ഓഫിസുകൾ സന്ദർശിച്ചു നിവേദനങ്ങൾ സമർപ്പിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നാക്കാവസ്ഥ സംബന്ധിച്ച് ആറ് മാസത്തിനകം സമഗ്രപഠനം നടത്തി പരിഹാരങ്ങൾ നിർദ്ദേശിക്കുവാൻ ഒരു ജുഡിഷ്യൽ കമ്മീഷനെ നിയമിക്കുക, എന്നത് ഉൾപ്പെടെയുള്ള നിർദേശങ്ങളാണ് സമർപ്പിച്ചത്. കോസ്റ്റൽ കമ്മ്യൂണിറ്റി കോർഡിനേഷൻ ഫോറം നേതാക്കളായ പി സ്റ്റെല്ലസ് , ഫോർജിയ റോബർട്ട്സ്, അഡ്വ. ഫാ. ലാബറിൻ ഏശുദാസ് എന്നിവർ നേരിട്ട് നേതാക്കളെ കണ്ട് നിർദ്ദേശങ്ങൾ അടങ്ങിയ രേഖ സമർപ്പിക്കുകയായിരുന്നു.

## ബാറുകളുടെ പ്രവർത്തന സമയം കൂട്ടിയ തീരുമാനം പിൻവലിക്കണം : പി. സ്റ്റെല്ലസ്

തിരുവനന്തപുരം : സംസ്ഥാനത്ത് ബാറുകളുടെ പ്രവർത്തന സമയം രാവിലെ 10 മുതൽ രാത്രി 12 മണി വരെ കൂട്ടിയത് കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് എന്ത് ഗുണമാണ് ലഭിക്കുകയെന്ന് മുഖ്യമന്ത്രിയും സംസ്ഥാന സർക്കാരും ജനങ്ങളോട് വിശദീകരിക്കണമെന്ന്കേരള മദ്യ നിരോധന സമിതി സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പി. സ്റ്റെല്ലസ്.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ മദ്യവർജ്ജനം ഘട്ടം ഘട്ടമായി നടപ്പിലാക്കും എന്ന് പറഞ്ഞവരാണ് ഇപ്പോൾ സംസ്ഥാനത്ത് രാത്രി 12 മണി വരെ ബാറുകൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകിയത്. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തെ മദ്യത്തിൽ മുക്കുകയെന്ന സംസ്ഥാന സർക്കാരിന്റെ നിലപാടാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഇത് കേരളജനതയോടുള്ള വെല്ലുവിളിയാണെന്നും തുടർഭരണം നൽകിയ ജനതയോട് കാണിക്കുന്ന നീതികേടാണെന്നും, ബാറുകളുടെ പ്രവർത്തന സമയം കൂട്ടിയ സർക്കാർ തീരുമാനം ഉടനടി പിൻവലിക്കണമെന്നും കേരള മധ്യനിരോധന സമിതി സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് പി. സ്റ്റെല്ലസ് ആവശ്യപ്പെട്ടു.








ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം ഗ്രാൻഡ് ഫിനാലെയിൽ പിണറായി വിജയൻ സംസാരിക്കുന്നു



ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം സ്കൂൾ വിഭാഗത്തിൽ ജേതാക്കളായ തിരുവനന്തപുരം മടവൂർ എൻഎസ്എസ് ഹയർസെക്കണ്ടറി സ്കൂളിലെ നവനീത് കൃഷ്ണ യു എസ്, അനന്യ പി എസ് എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും അഞ്ച് ലക്ഷം രൂപയുടെ ചെക്ക് സ്വീകരിക്കുന്നു



ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരത്തിലെ സ്കൂൾ, കോളജ് വിഭാഗങ്ങളിലെ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർ മുഖ്യമന്ത്രി പിണറായി വിജയൻ, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി എന്നിവർക്കൊപ്പം

# വിദ്യ നിഷേധിക്കപ്പെട്ടിടത്ത് നിന്നും എല്ലാ കുഞ്ഞുങ്ങൾക്കും നിലവാരമുള്ള വിദ്യാഭ്യാസം കിട്ടുന്ന ഇടമായി കേരളം മാറി: മുഖ്യമന്ത്രി പിണറായി വിജയൻ

## വായനയ്ക്ക് വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകാൻ ആലോചനയെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി

വിദ്യ നിഷേധിക്കപ്പെട്ടിടത്ത് നിന്നും എല്ലാ കുഞ്ഞുങ്ങൾക്കും നിലവാരമുള്ള വിദ്യാഭ്യാസം കിട്ടുന്ന ഇടമായി കേരളം മാറിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തിന്റെ സാമൂഹിക, വികസന, ക്ഷേമ പ്രവർത്തനങ്ങളുടെ ചരിത്രവും വർത്തമാനവും പ്രമേയമാക്കി സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് ആദ്യ എഡിഷന്റെ ഗ്രാൻഡ് ഫിനാലെയും സമാപന സമ്മേളനവും സമ്മാനദാന ചടങ്ങും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ചരിത്രപരമായ ഒരു വലിയ മാറ്റത്തിന്റെ ഇങ്ങേയറ്റത്തെ കണ്ണികളാണ് ഇപ്പോഴത്തെ വിദ്യാർത്ഥികൾ. വിദ്യാർത്ഥികൾക്ക് ആ ചരിത്രത്തെക്കുറിച്ച് ബോധ്യമുണ്ടാകണം. നാടിനുണ്ടായ മാറ്റങ്ങൾ അവർ പഠിക്കണം. അതിൽ അസഹിഷ്ണുത പ്രകടിപ്പിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ അനുവദിക്കരുതെന്നും മുഖ്യമന്ത്രി പറഞ്ഞു.ഈ അധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ വിതരണം സർക്കാർ ആരംഭിച്ചു. അധ്യയന വർഷം പകുതിയായാലും പുസ്തകങ്ങൾ ലഭ്യമല്ലാത്ത ഒരു കാലം ഇവിടെ ഉണ്ടായിരുന്നു. ആയിരത്തോളം സ്കൂളുകൾ അടച്ചുപൂട്ടലിന്റെ വക്കിലെത്തിയ കാലത്തുനിന്നാണ് നവീന ലാബുകളും സൗകര്യങ്ങളുമുള്ള സ്കൂളുകൾ എന്ന നിലയിലേക്ക് കേരളം എത്തിപ്പെട്ടത്, അദ്ദേഹം കൂട്ടിച്ചേർത്തു.

കാണാൻ കൊതിക്കുന്ന, കണ്ടാലും വീണ്ടും കാണാൻ ആഗ്രഹിക്കുന്ന നാടായി കേരളം മാറി. എന്നാൽ ദുർഗന്ധം കൊണ്ട് റോഡുകളിലൂടെ നടക്കാൻ കഴിയാത്ത കേരളം കാണാൻ അധികം പിന്നോട്ട് പോകേണ്ടി വരില്ല. മാലിന്യമുക്ത കേരളം സാധ്യമായത് ഹരിത കേരള മിഷനിലൂടെയാണ്. ആരോഗ്യ രംഗത്ത്, പ്രത്യേകിച്ച് പാലിയേറ്റീവ് രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ വിദ്യാർത്ഥികൾ അറിയേണ്ടതുണ്ട്.

കേരളത്തെ അപകീർത്തിപ്പെടുത്തുക എന്ന ഗൂഢലക്ഷ്യത്തോടെ സിനിമകളെ ഉപയോഗിക്കുന്നു. എന്നാൽ യാഥാർത്ഥ്യം അതല്ലെന്ന് തിരിച്ചറിയാനും സമൂഹത്തെ അറിയിക്കാനും വിദ്യാർത്ഥികൾക്ക് കഴിയണം. അതിന് നമ്മുടെ നാടിനെയും അതിന്റെ ചരിത്രത്തെയും കുറിച്ച് വ്യക്തമായ ബോധ്യം അവർക്കുണ്ടാകണം.

കേരളത്തിന്റെ ചരിത്രത്തെയും വർത്തമാനകാല യാഥാർത്ഥ്യങ്ങളെയും കുറിച്ച് വ്യക്തമായ അറിവും കാഴ്ചപ്പാടും ഉള്ളവരാണ് നമ്മുടെ കുട്ടികൾ എന്ന് മനസിലാക്കാൻ ഈ ക്വിസ് പരിപാടിയിലൂടെ കഴിഞ്ഞതായി മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ അതിജീവനപോരാട്ടങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കാൻ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസിലൂടെ സാധിച്ചതായി പരിപാടിയിൽ അധ്യക്ഷത വഹിച്ച പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി പറഞ്ഞു.

ക്വിസ് മത്സരത്തിന്റെ തുടർച്ചയായി വായനക്ക് വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകാൻ സർക്കാർ ആലോചിക്കുന്നതായി പൊതുവിദ്യാഭ്യാസ മന്ത്രി അറിയിച്ചു. അടുത്ത അധ്യയന വർഷം മുതൽ ഇത് നടപ്പിലാക്കും.

തിരുവനന്തപുരം ഗവ. വനിത കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി പ്രിയദർശിനി, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. കെ വാസുകി, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി സുഭാഷ്, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എൻ എസ് കെ ഉമേഷ്, കോളേജിയേറ്റ് എജ്യുക്കേഷൻ ഡയറക്ടർ കെ സുധീർ എന്നിവർ സംസാരിച്ചു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടർ കെ ജി സന്തോഷ് നന്ദി പറഞ്ഞു.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിച്ചത്.



ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം സ്കൂൾ വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടിയ വയനാട് പെരിക്കല്ലൂർ ജിഎച്ച്എസ്എസിലെ ആസിം ഇഷാൻ എ എസ്, അൻസഫ് അമാൻ എ എസ് എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും രണ്ട് ലക്ഷം രൂപയുടെ ചെക്ക് സ്വീകരിക്കുന്നു



ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം സ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ പത്തനംതിട്ട കലഞ്ഞൂർ ജിഎച്ച്എസ്എസ് & വിഎച്ച്എസ്എസിലെ നിരഞ്ജൻ വി, അർജുൻ എസ് കുമാർ എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും മൂന്ന് ലക്ഷം രൂപയുടെ ചെക്ക് സ്വീകരിക്കുന്നു



ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് മത്സരം കോളജ് വിഭാഗത്തിൽ മൂന്നാം സ്ഥാനം നേടിയ തിരുവനന്തപുരം കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിലെ അഭിരാമി എസ് ജി, അനുജിത്ത് കെ എന്നിവർ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്നും ഒരു ലക്ഷം രൂപയുടെ ചെക്ക് സ്വീകരിക്കുന്നു

# ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ്: സ്കൂൾ വിഭാഗത്തിൽ എൻഎസ്എസ് മടവൂർ തിരുവനന്തപുരവും കോളേജ് വിഭാഗത്തിൽ കാര്യവട്ടം ക്യാമ്പസും ജേതാക്കൾ

## രണ്ടാം സ്ഥാനം പത്തനംതിട്ട കലഞ്ഞൂർ സ്കൂളിനും പാലക്കാട് ചിറ്റൂർ ഗവ. കോളേജിനും

സംസ്ഥാനത്തെ അഞ്ചു ലക്ഷത്തോളം വിദ്യാർത്ഥികൾ പങ്കെടുത്ത അറിവിന്റെ ഏറ്റവും വലിയ ഉത്സവമായ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് പ്രഥമ എഡിഷന്റെ ആവേശകരമായ കലാശപ്പോരിൽ സ്കൂൾ വിഭാഗത്തിൽ തിരുവനന്തപുരം മടവൂർ എൻഎസ്എസ് ഹയർ സെക്കന്ററി സ്കൂളും കോളേജ് വിഭാഗത്തിൽ കേരള സർവകലാശാല തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസും ജേതാക്കൾ.

സ്കൂൾ വിഭാഗത്തിൽ പത്തനംതിട്ട കലഞ്ഞൂർ ജിഎച്ച്എസ്എസ് & വിഎച്ച്എസ്എസ് രണ്ടാം സ്ഥാനം നേടിയപ്പോൾ കോളേജ് വിഭാഗത്തിൽ ഗവ. കോളേജ് ചിറ്റൂർ പാലക്കാടാണ് രണ്ടാമതെത്തിയത്. വയനാട് പെരിക്കല്ലൂർ ജിഎച്ച്എസ്എസും കേരള സർവകലാശാല തിരുവനന്തപുരം കാര്യവട്ടം ക്യാമ്പസുമാണ് യഥാക്രമം സ്കൂൾ, കോളേജ് വിഭാഗങ്ങളിൽ മൂന്നാം സ്ഥാനത്ത്.

എൻഎസ്എസ് മടവൂർ സ്കൂളിനെ പ്രതിനിധീകരിച്ച് അനന്യ പി എസ്, നവനീത് കൃഷ്ണ യു എസ് എന്നിവർ പങ്കെടുത്തപ്പോൾ കോളേജ് വിഭാഗത്തിലെ ജേതാക്കളായ കാര്യവട്ടം ക്യാമ്പസ് ടീമിൽ അശ്വതി പി എ, ശ്രീഹരി എം എന്നിവർ അണിനിരന്നു. കണ്ണൂർ സ്വദേശിയായ അശ്വതി ചരിത്രത്തിൽ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനിയും തൃശൂർ സ്വദേശിയായ ശ്രീഹരി എംകോം വിദ്യാർത്ഥിയുമാണ്. അനന്യ പ്ലസ് വൺ വിദ്യാർത്ഥിനിയും നവനീത് കൃഷ്ണ പ്ലസ് ടു വിദ്യാർത്ഥിയുമാണ്.

സ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനം നേടിയ കലഞ്ഞൂർ സ്കൂളിനെ പ്ലസ് വൺ വിദ്യാർത്ഥികളായ നിരഞ്ജൻ വി, അർജുൻ എസ് കുമാർ എന്നിവർ പ്രതിനിധീകരിച്ചു. കോളേജ് വിഭാഗത്തിലെ രണ്ടാം സ്ഥാനക്കാരായ ഗവ. കോളേജ് ചിറ്റൂർ ടീമിലുണ്ടായിരുന്നത് അബ്ദുൾ സലാം എൻ, അശ്വിൻ എസ് എന്നിവർ. പാലക്കാട് സ്വദേശിയായ അബ്ദുൾ സലാം ഫിലോസഫി ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും ചിറ്റൂർ സ്വദേശിയായ അശ്വിൻ ജോഗ്രഫി ബിരുദ വിദ്യാർത്ഥിയുമാണ്.

മൂന്നാം സ്ഥാനം നേടിയ പെരിക്കല്ലൂർ സ്കൂളിനെ സഹോദരങ്ങളായ അൻസഫ് അമാൻ എ എസ്, ആസിം ഇഷാൻ എ എസ് എന്നിവർ പ്രതിനിധീകരിച്ചപ്പോൾ കോളേജ് വിഭാഗത്തിൽ മൂന്നാമതെത്തിയ കാര്യവട്ടം ക്യാമ്പസ് ടീമിൽ അഭിരാമി എസ് ജി, അനുജിത്ത് കെ എന്നിവർ അണിനിരന്നു. അൻസഫ് പ്ലസ് വൺ വിദ്യാർത്ഥിയും ആസിം 10-ാം ക്ലാസ് വിദ്യാർത്ഥിയുമാണ്. തിരുവനന്തപുരം സ്വദേശിയായ അഭിരാമി ഇക്കണോമിക്സ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയും പാലക്കാട് സ്വദേശിയായ അനുജിത്ത് എംകോം വിദ്യാർത്ഥിയുമാണ്.

സ്കൂൾ വിഭാഗത്തിലെ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം അഞ്ചു ലക്ഷം രൂപ, മൂന്ന് ലക്ഷം രൂപ, രണ്ട് ലക്ഷം രൂപ എന്നിങ്ങനെയും കോളേജ് വിഭാഗത്തിൽ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം മൂന്ന് ലക്ഷം രൂപ, രണ്ട് ലക്ഷം രൂപ, ഒരു ലക്ഷം രൂപ എന്നിങ്ങനെയുമാണ് ക്യാഷ് പ്രൈസ്. വഴുതക്കാട് ഗവ. വനിത കോളേജിൽ നടന്ന ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസ് ഗ്രാന്റ് ഫിനാലെയിൽ കോളേജ് വിഭാഗത്തിൽ നിന്ന് 40 ഉം സ്കൂൾ വിഭാഗത്തിൽ 41 ഉം ടീമുകൾ പങ്കെടുത്തു. ജനുവരി 12 ന് സ്കൂൾ, കോളജ് തലങ്ങളിൽ തുടങ്ങിയ ചീഫ് മിനിസ്റ്റേഴ്സ് മെഗാ ക്വിസിൽ വിവിധ ജില്ലകളിൽ നിന്നും യോഗ്യത നേടിയ ടീമുകളാണ് ഗ്രാന്റ് ഫിനാലെയിൽ ഏറ്റുമുട്ടിയത്.

കോളേജ് വിഭാഗത്തിൽ തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് നാലാം സ്ഥാനവും (ആദിത്യൻ ഡി എം, അശ്വിൻ വി ജെ) കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ് അഞ്ചാം സ്ഥാനവും (വിസ്മയ സി പി, യദുനന്ദ് ജി ആർ), മണ്ണുത്തി കോളേജ് ഓഫ് വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് (കാർത്തിക് എസ് ആർ, ഷംജസാം എസ് എൽ) ആറാം സ്ഥാനവും നേടി.

സ്കൂൾ വിഭാഗത്തിൽ വയനാട് വാളാട് ജി എച്ച്എസ്എസ് നാലാം സ്ഥാനവും (ദിൽനാഥ് ജെ, അന്ന ഐറിൻ വർക്കി) മലപ്പുറം മാറാക്കര വിവിഎം എച്ച്എസ്എസ് അഞ്ചാം സ്ഥാനവും (പ്രഭിൻ പ്രകാശ് വി, യശ്വന്ത് ജെ ജഗദീഷ്), കോഴിക്കോട് ചിങ്ങപുരം സികെജി മെമ്മോറിയൽ എച്ച്എസ്എസ് (ശരണ്യ സായി, അനസൂജ് കെ ടി കെ) ആറാം സ്ഥാനവും നേടി.ജേതാക്കൾ ക്യാഷ് പ്രൈസ്, മെമെന്റോ, സർട്ടിഫിക്കറ്റ് എന്നിവ മുഖ്യമന്ത്രി പിണറായി വിജയനിൽ നിന്ന് സ്വീകരിച്ചു. പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അധ്യക്ഷനായി.കോളേജ് വിഭാഗത്തിലെ ക്വിസ് ജി എസ് പ്രദീപ് നയിച്ചപ്പോൾ സ്കൂൾ വിഭാഗത്തിൽ ഡോ. കെ എം വിഷ്ണു നമ്പൂതിരി, ഡോ. ആഗ്നേയ് ജി കെ, അമിത് മധുപാൽ എന്നിവർ ക്വിസ് മാസ്റ്റർമാരായി.

# ആറ്റുകാൽ പൊങ്കാല: അപകടങ്ങൾ ഒഴിവാക്കാൻ നിർദേശങ്ങളുമായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്

ആറ്റുകാൽ പൊങ്കാല മഹോത്സവം 2026-ന്റെ ഭാഗമായി പൊതുസ്ഥലങ്ങളിലും ക്ഷേത്ര പരിസരങ്ങളിലും ദീപാലങ്കാരങ്ങൾ, താൽക്കാലിക വാണിജ്യ സ്റ്റാളുകൾ എന്നിവ സ്ഥാപിക്കുമ്പോൾ അപകടം ഒഴിവാക്കാൻ നിർദ്ദേശങ്ങളുമായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്. അപകടം ഒഴിവാക്കാൻ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിർദ്ദേശങ്ങൾ പാലിക്കണമെന്നു ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീകല ആർ. അറിയിച്ചു.

പൊതു സ്ഥലങ്ങളിൽ:

വൈദ്യുത ദീപാലങ്കാരങ്ങൾ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ വഴി ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താവൂ. കമാനങ്ങൾ, ആർച്ച്, പൂപന്തൽ, വാണിജ്യ സ്ഥാപനങ്ങൾ (മെറ്റാലിക് ഷീറ്റുകൾ കൊണ്ട് നിർമ്മിച്ച സ്റ്റാളുകൾ) മുതലായവ വൈദ്യുത ലൈനുകൾ, ട്രാൻസ്ഫോമറുകൾ എന്നിവയിൽ നിന്നും നിയമാനുസൃതമായി അകലം പാലിക്കണം. ദീപാലങ്കാരത്തിനായി ഉപയോഗിക്കുന്ന വയറുകൾ കണക്ടർ ഉപയോഗിച്ച് മാത്രമേ യോജിപ്പിക്കാൻ പാടുള്ളൂ.

ജനറേറ്റർ, ട്രാൻസ്ഫോമർ എന്നീ വൈദ്യുത പ്രതിഷ്ഠാപനങ്ങളുടെ സമീപത്ത് ചപ്പുചവറുകൾ കത്തിക്കാൻ പാടുള്ളതല്ല. വൈദ്യുത പോസ്റ്റുകളിൽ താത്ക്കാലിക ലൈറ്റിംഗിനായോ മറ്റുകാര്യങ്ങൾക്കോ കയറുന്നത് ഒഴിവാക്കേണ്ടതാണ്. വയറിംഗും വൈദ്യുത ലൈറ്റുകളും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഏതൊരു ഉപകരണവും ജനങ്ങളുമായി സമ്പർക്കത്തിൽ വരാത്ത വിധത്തിൽ സ്ഥാപിക്കേണ്ടതാണ്. താത്ക്കാലിക വൈദ്യുത പ്രതിഷ്ഠാപനം ഇ.എൽ.സി.ബി, എം.സി.ബി സുരക്ഷാ സംവിധാനങ്ങൾ വഴി ഉപയോഗിക്കേണ്ടതാണ്.

വാണിജ്യ സ്ഥാപനങ്ങൾ:

താത്ക്കാലിക വാണിജ്യ സ്ഥാപനങ്ങളിൽ ദീപാലങ്കാര ജോലികൾ സ്വയം ചെയ്യുന്നത് ഒഴിവാക്കണം. ലൈസൻസുള്ള ഇലക്ട്രീഷ്യൻമാരുടെ സേവനം ഉപയോഗിക്കണം. താത്ക്കാലിക വാണിജ്യ സ്ഥാപനങ്ങളിൽ കെ.എസ്.ഇ.ബി മീറ്റർ ബോർഡിൽ ഇ.എൽ.സി.ബി സംവിധാനം ഉൾപ്പെടുത്തേണ്ടതും മതിയായ എർത്തിങ് സംരക്ഷണം നൽകേണ്ടതുമാണ്. വൈദ്യുതി എക്സ്റ്റന്റ് ചെയ്യുമ്പോൾ ഡബിൾ ഇൻസുലേറ്റഡ് കേബിൾ ഉപയോഗിക്കണം.

ലോഹ നിർമ്മിത തൂണുകൾ, ഹാൻഡ് റേയിലുകൾ എന്നിവയിൽ ഇലുമിനേഷൻ ലൈറ്റുകൾ സ്ഥാപിക്കുന്നത് ഒഴിവാക്കണം. ഇലൂമിനേഷൻ ലൈറ്റുകളുടെ നിലവാരം ഉറപ്പുവരുത്തണം. ത്രീ പിൻ പ്ലഗ് മാത്രം ഉപയോഗിച്ച് സോക്കറ്റിൽ നിന്ന് സപ്ലൈ എടുക്കുകയും, സ്വിച്ച് ഓഫ് ചെയ്തെന്നു ഉറപ്പു വരുത്തിയശേഷം മാത്രം സോക്കറ്റിലേക്ക് കണക്ഷൻ നൽകേണ്ടതുമാണ്.

# ആഗോള സ്വതന്ത്ര സോഫ്റ്റ്‌വെയർ ഭൂപടത്തിൽ കേരളത്തിന്റെ കയ്യൊപ്പ്; തമിഴ്, കന്നഡ വിദ്യാഭ്യാസ ഉള്ളടക്കങ്ങൾ ജികോംപ്രിസിന് കൈമാറി കൈറ്റ്

ലോകപ്രശസ്ത വിദ്യാഭ്യാസ-വിനോദ സ്വതന്ത്ര സോഫ്റ്റ്‌വെയറായ 'ജികോംപ്രിസ്' (ഏഇീാുൃശ)ലേക്ക് തമിഴ്, കന്നഡ ഭാഷകളിലെ വിപുലമായ ഉള്ളടക്കങ്ങൾ കൂടി നൽകി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്). കേരളത്തിലെ തമിഴ്, കന്നഡ മീഡിയം വിദ്യാർത്ഥികൾക്കായി കൈറ്റ് വികസിപ്പിച്ചെടുത്ത തർജിമകളും വോയ്സ് ഓവറുകളുമാണ് ഇപ്പോൾ ആഗോളതലത്തിൽ ലഭ്യമാകുന്ന ജികോംപ്രിസിന്റെ പുതിയ പതിപ്പിൽ ഔദ്യോഗികമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ കുട്ടികൾക്കായി കൈറ്റ് തയ്യാറാക്കിയ 'കളിപ്പെട്ടി' ഐ.സി.ടി പാഠപുസ്തകത്തിലെ പ്രധാന എഡ്യൂടൈൻമെന്റ് സോഫ്റ്റ്‌വെയറാണ് ജികോംപ്രിസ്. ഇന്ത്യൻ ഭാഷകളിൽ സംസ്കൃതത്തിനും മലയാളത്തിനുമപ്പുറം മറ്റ് പ്രാദേശിക ഭാഷകളിൽ ജികോംപ്രിസ് റെപ്പോസിറ്ററി ഇത്ര വിപുലമായി ലഭ്യമായിരുന്നില്ല. തമിഴ്, കന്നഡ മാധ്യമങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കായി കൈറ്റ് സ്വന്തമായി വികസിപ്പിച്ച ഗ്നൂ/ലിനക്സ് ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെയാണ് ഈ കുറവ് ഇതുവരെ പരിഹരിച്ചിരുന്നത്.

കഴിഞ്ഞ ഒക്ടോബറിൽ കൈറ്റ് സന്ദർശിച്ച ജികോംപ്രിസ് കോ-മെയിന്റനറും പ്രശസ്ത ഗ്രാഫിക്സ് ആർട്ടിസ്റ്റുമായ ടിമോത്തെ ജിയറ്റിന്റെ അഭ്യർത്ഥന പ്രകാരമാണ് ഈ ലോക്കലൈസേഷൻ പാക്കേജുകൾ ആഗോള പ്ലാറ്റ്ഫോമിലേക്ക് കൈമാറാൻ തീരുമാനിച്ചത്. ഇതിന്റെ ഭാഗമായി തമിഴിൽ 1544-ഉം കന്നഡയിൽ 1582-ഉം ഇന്റർഫേസ് തർജിമകളും വോയ്സ് ഓവറുകളും കൈറ്റ് വിദഗ്ധർ തയ്യാറാക്കി. ലോകത്തെ ഏറ്റവും വലിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഡെവലപ്പർ കൂട്ടായ്മയായ 'കെ.ഡി.ഇ' (ഗഉഋ ഈീാൗിശ്യേ) ഇതിന് അംഗീകാരം നൽകിയതോടെ ഗൂഗിൾ പ്ലേസ്റ്റോർ ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോമുകളിൽ ഈ ഭാഷാ പതിപ്പുകൾ ലഭ്യമായിത്തുടങ്ങി.

പത്തുവയസ്സുവരെയുള്ള കുട്ടികൾക്ക് അക്കം, അക്ഷരം, വായന, ശാസ്ത്രം, ഭൂമിശാസ്ത്രം തുടങ്ങിയവ കളികളിലൂടെ പഠിക്കാൻ സഹായിക്കുന്ന ഇരുനൂറോളം പ്രവർത്തനങ്ങൾ ജികോംപ്രിസിലുണ്ട്. ലോകത്ത് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഒരേസമയം ഇത്രയധികം സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നത് കേരളത്തിലാണെന്നും, പ്രാദേശിക ആവശ്യങ്ങൾക്കായി വികസിപ്പിച്ച ഉള്ളടക്കം ആഗോള സമൂഹത്തിനായി കൈമാറാൻ കഴിഞ്ഞതിൽ വലിയ അഭിമാനമുണ്ടെന്നും കൈറ്റ് സി.ഇ.ഒ കെ. അൻവർ സാദത്ത് പറഞ്ഞു.ഇന്റർനെറ്റ് ഇല്ലാതെയും പ്രവർത്തിക്കുന്ന ജികോംപ്രിസിന്റെ പുതിയ 'ക്ലയന്റ്-സെർവർ' മാതൃക ഭിന്നശേഷി കുട്ടികളുടെ പഠനത്തിനായി പ്രയോജനപ്പെടുത്താനുള്ള പ്രവർത്തനങ്ങളും കൈറ്റ് നിലവിൽ നടത്തിവരുന്നുണ്ട്.

# വാക്ക്-ഇൻ ഇന്റർവ്യൂ

കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിലേക്കും പുറക്കാട്ടിരിയിലെ എ.സി.എസ്.എം.എ.സി.എ.സി.സിയിലേക്കും കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നു. നാഷണൽ ആയുഷ് മിഷൻ (ഡി.പി.എം.എസ്.യു) കീഴിൽ ഓഡിയോളജിസ്റ്റ്, ആയുർവേദ ഫാർമസിസ്റ്റ് തസ്തികകളിലേക്കാണ് നിയമനം നടക്കുന്നത്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്കായി ഫെബ്രുവരി 28ന് വെസ്റ്റ്ഹിൽ ചുങ്കത്തുള്ള ജില്ലാ ആയുർവേദ ആശുപത്രിയിലെ ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് ആൻഡ് സപ്പോർട്ട് യൂണിറ്റിൽ വെച്ച് വാക്ക്-ഇൻ ഇന്റർവ്യൂ നടത്തും. അപേക്ഷകർക്ക് 2026 ഫെബ്രുവരി 18ന് 40 വയസ്സ് കവിയാൻ പാടില്ല.

ജില്ലാ ഹോമിയോ ആശുപത്രിയിൽ ഓഡിയോളജിസ്റ്റ് തസ്തികയിൽ ഒരു ഒഴിവാണ് നിലവിലുള്ളത്. ബി.എ.എസ്.എൽ.പി (ആഅടഘജ) ബിരുദവും ആർ.സി.ഐ രജിസ്ട്രേഷനുമാണ് യോഗ്യത. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മാസം 21,000 രൂപ കൺസോളിഡേറ്റഡ് ശമ്പളമായി ലഭിക്കും. ഈ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന ഇന്റർവ്യൂ ദിവസം രാവിലെ 10.30 മുതൽ 11 മണി വരെയായിരിക്കും നടക്കുക.

പുറക്കാട്ടിരി എ.സി.എസ്.എം.എ.സി.എ.സി.സിയിൽ ആയുർവേദ ഫാർമസിസ്റ്റ് തസ്തികയിലേക്കാണ് നിയമനം. കേരള സർക്കാർ അംഗീകരിച്ച ആയുർവേദ ഫാർമസിസ്റ്റ് ഡിപ്ലോമയോ സർട്ടിഫിക്കറ്റോ ഉള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസം 14,700 രൂപയാണ് ശമ്പളം. ഈ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ രാവിലെ 10 മണിക്ക് സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാകണം.

ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും ഒപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം നിശ്ചിത സമയത്ത് അഭിമുഖത്തിന് എത്തേണ്ടതാണ്.

# അൾട്രാവയലറ്റ് മുന്നറിയിപ്പ്; കൂടുതൽ പതിച്ചത് ഈ ജില്ലകളിൽ

തിരുവനന്തപുരം: സംസ്ഥാനത്ത് ചൂട് കൂടുന്ന സാഹചര്യത്തിൽ അൾട്രാവയലറ്റ് രശ്മികളെയും സൂക്ഷിക്കണമെന്ന മുന്നറിയിപ്പുമായി ദുരന്തനിവാരണ അതോറിറ്റി.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്ഥാപിച്ച 14 സ്റ്റേഷനുകളിലെ തത്സമയ അൾട്രാവയലറ്റ് സൂചിക പ്രകാരം കഴിഞ്ഞ 24 മണിക്കൂറിൽ ഏറ്റവും കൂടുതൽ പതിച്ചത് കോട്ടയം ജില്ലയിലെ ചങ്ങനാശേരിയിലും ഇടുക്കി ജില്ലയിലെ മൂന്നാറിലും തൃശൂർ ജില്ലയിലെ ഒല്ലൂരിലുമാണ്. അൾട്രാവയലറ്റ് സൂചികയിൽ ഏഴ് രേഖപ്പെടുത്തിയ ഇവിടങ്ങളിൽ യെല്ലോ അലർട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നത്.

അതേസമയം, കൊല്ലം ജില്ലയിലെ കൊട്ടാരക്കര (ആറ്), ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ (ആറ്), പാലക്കാട് ജില്ലയിലെ തൃത്താല (ആറ്), മലപ്പുറം ജില്ലയിലെ പൊന്നാനി (ആറ്), വയനാട് ജില്ലയിലെ മാനന്തവാടി (ആറ്) എന്നിവിടങ്ങളിലും യെല്ലോ അലർട്ടാണ്.

അൾട്രാവയലറ്റ് സൂചിക 11ന് മുകളിലാണെങ്കിൽ റെഡ് അലർട്ടും എട്ടുമുതൽ 10 വരെ ഓറഞ്ച് അലർട്ടും ആറു മുതൽ ഏഴുവരെ യെല്ലോ അലർട്ടുമാണ് നല്കുന്നത്.

തുടർച്ചയായി കൂടുതൽ സമയം അൾട്രാവയലറ്റ് രശ്മികൾ ശരീരത്തിൽ ഏൽക്കുന്നത് സൂര്യാതപത്തിനും ത്വക്ക് രോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും മറ്റ് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാം. പൊതുജനങ്ങൾ സുരക്ഷാമുൻകരുതലുകൾ സ്വീകരിക്കണം.

പകൽ 10 മണി മുതൽ മൂന്നു മണി വരെയുള്ള സമയങ്ങളിലാണ് ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തപ്പെടുന്നത്. ആയതിനാൽ ആ സമയങ്ങളിൽ കൂടുതൽ നേരം ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കുക.

പുറം ജോലികളിൽ ഏർപ്പെടുന്നവർ, കടലിലും ഉൾനാടൻ മത്സ്യബന്ധനത്തിലും ഏർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ, ജലഗതാഗതത്തിലേർപ്പെടുന്നവർ, ബൈക്ക് യാത്രക്കാർ, വിനോദസഞ്ചാരികൾ, ചർമ രോഗങ്ങളുള്ളവർ, നേത്ര രോഗങ്ങളുള്ളവർ, കാൻസർ രോഗികൾ, മറ്റ് രോഗ പ്രതിരോധശേഷി കുറഞ്ഞ വിഭാഗങ്ങൾ തുടങ്ങിയവർ പ്രത്യേകം ജാഗ്രത പാലിക്കണം.

പകൽ സമയത്ത് പുറത്തേക്ക് ഇറങ്ങുമ്പോൾ തൊപ്പി, കുട, സൺഗ്ലാസ് എന്നിവ ഉപയോഗിക്കാൻ ശ്രമിക്കുക. ശരീരം മുഴുവൻ മറയുന്ന കോട്ടൺ വസ്ത്രങ്ങൾ ഉപയോഗിക്കുന്നതായിരിക്കും ഉചിതം. യാത്രകളിലും മറ്റും ഇടവേളകളിൽ തണലിൽ വിശ്രമിക്കാൻ ശ്രമിക്കുക.

മലമ്പ്രദേശങ്ങൾ, ഉഷ്ണമേഖലാ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ പൊതുവെ അൾട്രാ വയലറ്റ് സൂചിക ഉയർന്നതായിരിക്കും. മേഘങ്ങളില്ലാത്ത തെളിഞ്ഞ ആകാശമാണെങ്കിലും ഉയർന്ന യുവി സൂചികയുണ്ടാവാം. ഇതിന് പുറമെ ജലാശയം, മണൽ തുടങ്ങിയ പ്രതലങ്ങൾ അൾട്രാവയലറ്റ് രശ്മികളെ പ്രതിഫലിപ്പിക്കുന്നതിനാൽ ഇത്തരം മേഖലകളിലും യുവി സൂചിക ഉയർന്നതായിരിക്കും.

# ശബരിമല കൊടിമര പ്രതിഷ്ഠ: വിജിലൻസ് സുരേഷ് ഗോപിയുടെ മൊഴിയെടുത്തു

തിരുവനന്തപുരം: ശബരിമലയിലെ പുതിയ കൊടിമര പ്രതിഷ്ഠയിൽ ക്രമക്കേട് ഉണ്ടായോയെന്ന് വ്യക്തത വരുത്താൻ വിജിലൻസ് സംഘം കേന്ദ്രമന്ത്രി സുരേഷ് ഗോപിയുടെ മൊഴി രേഖപ്പെടുത്തി. കൊടിമര നിർമാണ ആവശ്യത്തിന് സ്വർണം സംഭാവന ചെയ്തവരിൽ നിന്നു മൊഴി രേഖപ്പെടുത്താൻ വിജിലൻസ് നേരത്തെ തീരുമാനിച്ചിരുന്നു. സ്വർണം സംഭാവന നൽകിയവരുടെ പട്ടികയിൽ സുരേഷ് ഗോപിയും ഉണ്ടായിരുന്നു. ഇതേ തുടർന്നാണ് സുരേഷ് ഗോപിയുടെ മൊഴി രേഖപ്പെടുത്തിയത്. മറ്റ് സിനിമാ താരങ്ങളോടും കൊടിമര നിർമാണത്തിന് സ്വർണം സംഭാവന നൽകാൻ താൻ നിർദേശിച്ചിരുന്നുവെന്ന് സുരേഷ് ഗോപി മൊഴി നൽകിയിരുന്നു.

മോഹൻലാൽ, സുരേഷ് കുമാർ, ഷാജി കൈലാസ്, രൺജി പണിക്കർ ഉൾപ്പെടെ 27 പേരാണ് കൊടിമര നിർമാണത്തിന് സ്വർണം സംഭാവനയായി ദേവസ്വം ബോർഡിന് നൽകിയിരുന്നു. ബോർഡിന് ലഭിച്ച സ്വർണത്തിൻറെയും കൊടിമര പ്രതിഷ്ഠയ്ക്ക് ഉപയോഗിച്ച സ്വർണത്തിൻറെയും കണക്ക് ഒത്തുനോക്കുന്നതിനാണ് വിജിലൻസ് സംഘം മൊഴി രേഖപ്പെടുത്തിയത്. കൊടിമര പ്രതിഷ്ഠയിൽ ക്രമക്കേട് നടന്നിട്ടുണ്ടോയെന്ന സംശയം ദുരീകരിക്കാനാണ് വിജിലൻസിൻറെ നടപടി.

# കോഴിക്കോട്ട് കെട്ടിടത്തിൻറെ കോൺക്രീറ്റ് പാളി തകർന്നുവീണ് തൊഴിലാളികൾക്ക് പരിക്ക്

കോഴിക്കോട്: വലിയങ്ങാടിയിൽ കെട്ടിടത്തിൻറെ കോൺക്രീറ്റ് പാളി തകർന്നുവീണ് തൊഴിലാളികൾക്ക് പരിക്ക്. ബീച്ചിലെ പഴയ പാസ്പോർട്ട് ഓഫീസിൻറെ കെട്ടിട ഭാഗമാണ് അടർന്നുവീണത്. തൊഴിലാളികൾ വിശ്രമിക്കാനിരിക്കുന്ന ഭാഗത്തേക്കാണ് കോൺക്രീറ്റ് വീണത്. പരിക്കേറ്റ നാല് തൊഴിലാളികളെ ആശുപത്രിയിലേക്ക് മാറ്റി. ഒട്ടനവധി ഇരുചക്ര വാഹനങ്ങളും കോൺക്രീറ്റിനടിയിൽ പെട്ടിട്ടുണ്ട്. ഫയർഫോഴ്സും നാട്ടുകാരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തുന്നത്.

# ആർസിസി സ്റ്റാഫ് നഴ്സ് പരീക്ഷ മാർച്ച് 1 ന്

റീജിയണൽ കാൻസർ സെന്റർ സ്റ്റാഫ് നഴ്സ് നിയമനത്തിനായുള്ള എഴുത്തുപരീക്ഷ മാർച്ച് 1-ന് എൽബിഎസ് വനിത എഞ്ചിനീയറിംഗ് കോളേജ്, പൂജപ്പുരയിൽ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് ഹാൾ ടിക്കറ്റ് ംംം.ഹയരെലിൃേല.സല്യമഹമ.ഴീ.ശി ൽ ലഭ്യമാണ്. ഇതുവരെ ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാത്തവർ അത് ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് പരീക്ഷയ്ക്ക് എത്തേണ്ടതാണ്. ഉദ്യോഗാർത്ഥികൾ മാർച്ച് 1 രാവിലെ 9ന് പൂജപ്പുരയിലെ എൽബിഎസ് വനിത എഞ്ചിനീയറിംഗ് കോളേജിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

കോഴിക്കോട്ട് കോൺക്രീറ്റ് പാളി തകർന്നുവീണുണ്ടായ അപകടം; പരിക്കേറ്റ രണ്ട് തൊഴിലാളികൾ മരിച്ചു

കോഴിക്കോട്: വലിയങ്ങാടിയിൽ കെട്ടിടത്തിൻറെ കോൺക്രീറ്റ് പാളി തകർന്നുവീണുണ്ടായ അപകടത്തിൽ ഗുരുതര പരിക്കേറ്റ രണ്ട് തൊഴിലാളികൾ മരിച്ചു. മരിച്ച തൊഴിലാളികളുടെ പേര് വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല.

ബീച്ചിലെ പഴയ പാസ്പോർട്ട് ഓഫീസിൻറെ കെട്ടിട ഭാഗമാണ് അടർന്നുവീണത്. തൊഴിലാളികൾ വിശ്രമിക്കാനിരിക്കുന്ന ഭാഗത്തേക്കാണ് കോൺക്രീറ്റ് വീണത്. അപകടത്തിൽ അഞ്ച് തൊഴിലാളികൾക്കാണ് പരിക്കേറ്റത്.

ഒട്ടനവധി ഇരുചക്ര വാഹനങ്ങളും കോൺക്രീറ്റിനടിയിൽ പെട്ടിട്ടുണ്ട്. ഫയർഫോഴ്സും നാട്ടുകാരും ചേർന്നാണ് രക്ഷാപ്രവർത്തനം നടത്തിയത്.

# ആത്മഹത്യയുടെ വക്കിൽ; സൈബർ ആക്രമണത്തിനെതിരെ മുഖ്യമന്ത്രിക്ക് പരാതി നൽകി എം. എ. ഷഹനാസ്

തിരുവനന്തപുരം: സൈബർ ആക്രമണത്തിനെതിരെ മുഖ്യമന്ത്രിക്ക് പരാതി നൽകി കോൺഗ്രസ് നേതാവ് എം. എ. ഷഹനാസ്. തിങ്കളാഴ്ച രാവിലെ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് പരാതി എത്തിക്കുകയായിരുന്നു.

രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎയിൽനിന്നുണ്ടായ മോശം പെരുമാറ്റം തുറന്നുപറഞ്ഞതിൻറെ പേരിൽ തനിക്കെതിരേ സൈബർ ആക്രമണം നടക്കുന്നുവെന്നാണ് ഷഹനാസിൻറെ പരാതി. രാഹുൽ മാങ്കൂട്ടത്തിലിൻറെയും ഷാഫി പറമ്പിലിൻറെയും അനുയായിയായ നിബു വർഗീസ് എന്നയാളാണ് സാമൂഹികമാധ്യമങ്ങളിൽ സ്ത്രീത്വത്തെ അപമാനിക്കുന്നരീതിയിൽ മോശമായ ചിത്രങ്ങളും മറ്റും പ്രചരിപ്പിക്കുന്നതെന്നും പരാതിയിൽ പറയുന്നു.

താൻ ഭർത്താവും കുട്ടിയുമായി ജീവിച്ചുവരികയാണ്. സൈബർ ആക്രമണത്തെത്തുടർന്ന് താനും കുടുംബവും ആത്മഹത്യയുടെ വക്കിലാണ്. ഈ ട്രോമ താങ്ങാനാകുന്നില്ലെന്നും പരാതിയിലുണ്ട്. നിബു വർഗീസ് എന്നയാളുടെ ഫേസ്ബുക്ക് പ്രൊഫൈൽ ലിങ്കും പോസ്റ്റുകളുടെ ലിങ്കുകളും സഹിതമാണ് ഷഹനാസ് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുള്ളത്.

# വി. ഡി. സതീശൻ നിവേദനം കീറിക്കളഞ്ഞെന്ന ആരോപണം; വ്യാജ പ്രചാരണമെന്ന് മഹിളാ കോൺഗ്രസ് നേതാവ്

തിരുവനന്തപുരം: സ്ഥാനാർഥി സംഗമം പരിപാടിക്കിടെ പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ വേദിയിൽ വച്ച് ലഭിച്ച നിവേദനം കീറിക്കളഞ്ഞെന്ന ആരോപണത്തിൽ വിശദീകരണവുമായി മഹിളാ കോൺഗ്രസ് ജില്ലാ സെക്രട്ടറി റംലത്ത്.

റംലത്ത് നൽകിയ കുറിപ്പാണ് വി. ഡി. സതീശൻ വേദിയിൽ കീറിക്കളഞ്ഞത്. സംഭവത്തിൽ റംലത്ത് നൽകുന്ന വിശദീകരണത്തിൻറെ വീഡിയോ ദൃശ്യങ്ങളാണ് കോൺഗ്രസ് അനുകൂലികൾ പുറത്തുവിട്ടത്. നിവേദനം കീറിക്കളഞ്ഞെന്നത് വ്യാജ പ്രചാരണമാണെന്ന് റംലത്ത് വീഡിയോയിൽ പറയുന്നു. സ്ഥാനാർഥി സംഗമം എന്ന പരിപാടിക്കിടെ തൻറെ സ്ഥലത്ത് നടക്കുന്ന ഒരു പ്രശ്നത്തെപ്പറ്റി ചെറിയൊരു നിർദേശം പ്രതിപക്ഷ നേതാവിനെ അറിയിക്കേണ്ടതുണ്ടായിരുന്നു. ഒരു ചെറിയ തുണ്ട് പേപ്പറിലെഴുതിയാണ് അത് താൻ വി. ഡി. സതീശന് നൽകിയതെന്ന് റംലത്ത് പറയുന്നു.

എന്നാൽ പ്രതിപക്ഷ നേതാവ് അത് വായിച്ചെന്നും ശേഷം അത് കൈവശം സൂക്ഷിക്കേണ്ടെന്ന് കരുതി

കീറി നശിപ്പിച്ചതാണെന്ന് റംലത്ത് വ്യക്തമാക്കി. സതീശൻറെ പരിപാടിയിലെ ജനപങ്കാളിത്തം കണ്ടാണ് എതിർ കക്ഷികൾ ഇത്തരത്തിൽ പ്രചാരണം നടത്തുന്നതെന്നും റംലത്ത് ആരോപിച്ചു. തനിക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന യാതൊരു കാര്യവും പ്രതിപക്ഷ നേതാവിൻറെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്നും റംലത്ത് കൂട്ടിച്ചേർത്തു.

# വീടിന് സമീപം കളിച്ചുകൊണ്ടിരുന്ന അഞ്ച് വയസുകാരൻ കാറിടിച്ചു മരിച്ചു

മുംബൈ: മഹാരാഷ്ട്രയിലെ പൂനയിൽ വീടിന് സമീപം കളിച്ചുകൊണ്ടിരുന്ന അഞ്ചു വയസുകാരൻ കാറിടിച്ചു മരിച്ചു. ലോണി കാൽഭോർ മേഖലയിലെ റസിഡൻഷ്യൽ സൊസൈറ്റിയിൽ ഞായറാഴ്ച വൈകുന്നേരമാണ് സംഭവം. ജോയ് നെസ്റ്റ് സൊസൈറ്റിയിൽ താമസിക്കുന്ന നിഷ്കർഷ് അശ്വത് സ്വാമി ആണ് മരിച്ചത്.പാർക്കിംഗ് ഏരിയയിൽ മുത്തശ്ശിയോടൊപ്പം കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് കുട്ടിയെ കാറിടിച്ചത്. ഉടൻ തന്നെ കാറോടിച്ചയാൾ കുട്ടിയെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഇന്ന് മരണത്തിനു കീഴടങ്ങുകയായിരുന്നു. കുട്ടിയുടെ പിതാവ് അശ്വത് നാരായൺ സ്വാമിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് ഡ്രൈവർക്കെതിരേ കേസെടുത്തിട്ടുണ്ട്.

# 'മുഖ്യമന്ത്രിയുടെ സന്ദേശം ഡാറ്റ മോഷണം': അന്വേഷണം വേണമെന്ന് പ്രതിപക്ഷം

തിരുവനന്തപുരം: സർക്കാർ ഉദ്യോഗസ്ഥർക്ക് മുഖ്യമന്ത്രി സന്ദേശം അയച്ച സംഭവം ഡാറ്റ മോഷണമാണെന്ന് പ്രതിപക്ഷം നിയമസഭയിൽ ആരോപിച്ചു. സ്പാർക്കിൽ നിന്നുള്ള ഡാറ്റ മുഖ്യമന്ത്രിയുടെ ഓഫീസ് മോഷ്ടിച്ചു. ചട്ട ലംഘനമാണ് നടത്തിയിരിക്കുന്നത്. 77 ലക്ഷം പേരുടെ ഡാറ്റ ചോർത്തി. ഇതേക്കുറിച്ചു അന്വേഷണം വേണം. നിയമ നടപടികളുമായി മുന്നോട്ട് പോകുമെന്നും പ്രതിപക്ഷം പറഞ്ഞു.

# എഴുത്തുകാരൻ വി. ആർ. സുധീഷ് നൽകിയ മാനനഷ്ടക്കേസ്; എം. എ. ഷഹനാസ് കോടതിയിൽ കീഴടങ്ങി

കോഴിക്കോട്: മാനനഷ്ടക്കേസിൽ കോൺഗ്രസ് നേതാവ് എം. എ. ഷഹനാസ് കോടതിയിൽ കീഴടങ്ങി. കോഴിക്കോട് ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ് ഷഹനാസ് കീഴടങ്ങിയത്. ഇവർക്കെതിരെ കോടതി അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിരുന്നു.

എഴുത്തുകാരൻ വി. ആർ. സുധീഷ് നൽകിയ പരാതിയിലാണ് ഷഹനാസ് കോടയിൽ ഹാജരായത്. 2022ലായിരുന്നു കേസിനാസ്പദമായ സംഭവം.

സാമൂഹികമാധ്യമങ്ങളിലൂടെ അപകീർത്തികരമായ പരാമർശങ്ങൾ നടത്തിയെന്ന് ആരോപിച്ചാണ് വി. ആർ. സുധീഷ് ഷഹനാസിനെതിരേ മാനനഷ്ടക്കേസ് ഫയൽചെയ്തത്. അപകീർത്തികരമായ പരാമർശങ്ങൾ പിൻവലിച്ച് മാപ്പ് പറയണമെന്നും 25 ലക്ഷം രൂപ നഷ്ടപരിഹാരം വേണമെന്നുമായിരുന്നു ആവശ്യം.

# കെഎസ്ആർടിസി ഗജരാജ സ്ലീപർ പ്രതിദിന സർവീസ് ആരംഭിച്ചു

തിരുവനന്തപുരം: ഗജരാജ സ്ലീപർ ബസ് വീണ്ടും പ്രതിദിന സർവീസ് ആരംഭിച്ചു. തിരുവനന്തപുരത്ത് നിന്നും നാഗർകോവിൽ വഴി ബംഗളൂരുവിലേക്കുള്ള കെഎസ്ആർടിസി എസി ഗജരാജ സ്ലീപർ ബസ് വീണ്ടും സർവീസ് ആരംഭിച്ചിരിക്കുന്നത്.

തമിഴ്നാട്ടിലെ സേലത്തിന് സമീപം നാല് മാസം മുൻപ് ബസ് അപകടത്തിൽ പെട്ടതിന് പിന്നാലെ ഒരു ബസ് മാത്രം ഉപയോഗിച്ച് ഒന്നിടവിട്ട ദിവസങ്ങളിലാക്കി സർവീസ് പുനഃക്രമീകരിച്ചിരുന്നു. ഈ സർവീസ് ആണ് പ്രതിദിന സർവീസായി വീണ്ടും ആരംഭിച്ചത്.

കണിയാപുരം ഡിപ്പോയിൽ നിന്നും ആരംഭിക്കുന്ന സർവീസ് കഴക്കൂട്ടം, ടെക്നോപാർക്ക്, തമ്പാനൂർ, നെയ്യാറ്റിൻകര, പാറശാല, കളിയിക്കാവിള, നാഗർകോവിൽ, തിരുനൽവേലി, മധുര, കരൂർ, സേലം, ഹൊസൂർ വഴിയാണ് ബംഗളൂരുവിലേക്കെത്തുന്നത്.

കണിയാപുരം ഡിപ്പോയിൽ നിന്നും വൈകിട്ട് ആറോടെ പുറപ്പെടുന്ന ബസ് രാവിലെ 8.30ന് ബംഗളൂരുവിലെത്തിച്ചേരും. തിരികെ എല്ലാ ദിവസവും വൈകിട്ട് ഏഴോടെ സാറ്റലൈറ്റ് ടെർമിനലിൽ നിന്നു പുറപ്പെടുന്ന ബസ് രാവിലെ 9.30ഓടെ കണിയാപുരത്തെത്തും.

# ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് ഇന്ന് തുടക്കം; മോഹൻലാൽ എത്തും

തിരുവനന്തപുരം: ചരിത്രപ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് ഇന്ന് തുടക്കമാകും. വൈകുന്നേരം ദേവിയെ കാപ്പ് കെട്ടി കുടിയിരുത്തും. കലാപരിപാടികളുടെ ഉദ്ഘാടനം ഇന്ന് മോഹൻലാൽ നിർവഹിക്കും. ആറ്റുകാൽ ക്ഷേത്രം ട്രസ്റ്റിൻറെ അംബാ പുരസ്കാരം താരത്തിനു സമ്മാനിക്കും. നന്ദഗോവിന്ദം ഭജൻസിൻറെ കലാ പരിപാടികളുമുണ്ടാകും. പൊങ്കാലയുടെ ഭാഗമായ കുത്തിയോട്ട വ്രതാരംഭം ബുധനാഴ്ച മുതലാണ്. മാർച്ച് മൂന്നിനാണ് പൊങ്കാല.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ചിലക്കൂർ തുരങ്കം നവീകരണം സംസ്ഥാനത്തെ വാട്ടർ ടൂറിസത്തിന് ഉണർവേകും

## ആക്കുളം–ചേറ്റുവ ജലപാതയുടെ ഒന്നാം ഘട്ടം ഫെബ്രുവരി 26 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: ആക്കുളം-ചേറ്റുവ ജലപാതയുടെ ഭാഗമായി വർക്കലയിലെ ചിലക്കൂർ തുരങ്കത്തിൻറെ നവീകരണം കേരളത്തിലെ ജലകേന്ദ്രീകൃത ടൂറിസം പ്രവർത്തനങ്ങൾക്ക് ഉണർവേകും. ചിലക്കൂർ ബീച്ചിനെ ആകർഷണീയമായ ടൂറിസം ലക്ഷ്യസ്ഥാനമാക്കി മാറ്റാനും ഇതിലൂടെ സാധിക്കും.

ചിലക്കൂർ ബീച്ച് പാർക്കിൽ ആക്കുളം-ചേറ്റുവ ജലപാതയുടെ ഒന്നാം ഘട്ടം മുഖ്യമന്ത്രി പിണറായി വിജയൻ ഫെബ്രുവരി 26 ന് ഉദ്ഘാടനം ചെയ്യും. ബീച്ചിൽ നിരവധി ടൂറിസം സംരംഭങ്ങൾക്കും തുടക്കം കുറിക്കും.

സംസ്ഥാന സർക്കാരിൻറെയും കൊച്ചിൻ ഇൻറർനാഷണൽ എയർപോർട്ട് ലിമിറ്റഡിൻറെയും (സിയാൽ) സംയുക്ത സംരംഭമായ കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (ക്വിൽ) ആണ് വെസ്റ്റ് കോസ്റ്റ് കനാൽ നവീകരണ പദ്ധതി നടപ്പിലാക്കുന്നത്.

പഴയ നാട്ടുരാജ്യമായ തിരുവിതാംകൂറിൻറെ ഉൾനാടൻ ജലഗതാഗതം സാധ്യമാക്കുന്നതിനായി പൂർത്തിയാക്കിയ 350 മീറ്റർ എഞ്ചിനീയറിംഗ് അത്ഭുതമാണ് ചിലക്കൂർ തുരങ്കം. പിന്നീട് സംസ്ഥാന സർക്കാരിൻറെ ഉൾനാടൻ ജലപാത വികസന പദ്ധതിയുടെ ഭാഗമായി ഇത് സഞ്ചാരയോഗ്യമാക്കി പുനഃസ്ഥാപിച്ചു.


നവീകരണത്തിൻറെ ഭാഗമായി ശ്രീനാരായണ ഗുരുവിൻറെ ജീവിതവും സന്ദേശവും പ്രതിപാദിക്കുന്ന ലൈറ്റ് ആൻഡ് സൗണ്ട് ഷോ ഉൾപ്പെടുന്ന ഇലക്ട്രിക് ബോട്ട് സിയാൽ പുറത്തിറക്കും. വർക്കലയുമായുള്ള ശ്രീനാരായണ ഗുരുവിൻറെ അടുത്ത ബന്ധം, പ്രദേശത്തിൻറെ പൈതൃകം, കേരളത്തിൻറെ സാംസ്കാരിക പൈതൃകം എന്നിവയും ഈ ഷോയിൽ ഉണ്ടാകും. ഇതിനു പുറമേ തുരങ്കത്തിൻറെ ഉപരിതലത്തിൽ മാപ്പിംഗ് സാങ്കേതികവിദ്യയുള്ള അത്യാധുനിക ലൈറ്റ് ആൻഡ് സൗണ്ട് ഷോയും ഉണ്ട്. 4.5 കോടി രൂപ ചെലവിലാണ് ഇത് നടപ്പിലാക്കിയത്.

ടൂറിസം പദ്ധതിയുടെ ഭാഗമായി ചിലക്കൂരിൽ ബോട്ട് ജെട്ടിയും ബീച്ച് പാർക്കും നിർമ്മിച്ചിട്ടുണ്ട്.

മുൻകാലങ്ങളിൽ യാത്രയ്ക്കും ചരക്ക് നീക്കത്തിനുമായുള്ള ഉൾനാടൻ ജലപാതയിലെ പ്രധാന ഭാഗമായിരുന്ന ചിലക്കൂർ തുരങ്കം ഇപ്പോൾ പൈതൃക കേന്ദ്രമെന്ന നിലയിൽ വീണ്ടും ഉയർന്നു വരികയാണെന്നും ക്വിൽ ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു. അതിൻറെ പുരാവസ്തു പ്രാധാന്യം വലുതാണ്. കൊച്ചി ആസ്ഥാനമായ സ്റ്റാർട്ടപ്പായ നവാൾട്ട് ഗ്രീൻ മൊബിലിറ്റി ആണ് തുരങ്കത്തിലൂടെയുള്ള യാത്രയ്ക്കായി ഇലക്ട്രിക് ബോട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ 20 പേർക്ക് സഞ്ചരിക്കാനാകും. ഉയർന്ന തീവ്രതയുള്ള നാല് ലേസർ പ്രൊജക്ടറുകൾ, നൂതന സൗണ്ട് സിസ്റ്റം, ബാറ്ററി പവർ എന്നിവ സജ്ജീകരിച്ചിട്ടുള്ള ബോട്ടിലെ ലൈറ്റ് ആൻഡ് സൗണ്ട് ഷോ മികച്ച അനുഭവമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിവിധ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന 280 കിലോമീറ്റർ ദൈർഘ്യമുള്ള ആക്കുളം-ചേറ്റുവ ജലപാത സംസ്ഥാന സർക്കാരിൻറെ വെസ്റ്റ് കോസ്റ്റ് കനാൽ നവീകരണ പദ്ധതിയുടെ പ്രധാന ഭാഗമാണ്. ഇത് പൊതു ഗതാഗതം, ചരക്കുനീക്കം, ടൂറിസം തുടങ്ങിയ മേഖലകളിൽ വിപുലമായ അവസരങ്ങൾ തുറന്ന് കേരളത്തിൻറെ സുസ്ഥിരവും സമഗ്രവുമായ വികസനത്തെ ത്വരിതപ്പെടുത്തും.

തെക്കൻ കേരളത്തിലെ ഉൾനാടൻ ജലഗതാഗത്തിൻറെ സുപ്രധാന കണ്ണിയായ ചിലക്കൂർ തുരങ്കത്തിൻറെ നവീകരണവും വിനോദസഞ്ചാര കേന്ദ്രീകൃത സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളും നടപ്പാക്കുന്നതിലൂടെ പ്രകൃതിസൗന്ദര്യം നിറഞ്ഞ പ്രദേശങ്ങളിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും സന്ദർശകരെ ആകർഷിക്കാനും ലക്ഷ്യമിടുന്നു.



**ആക്കുളം-ചേറ്റുവ ജലപാത ഒന്നാം ഘട്ടം ഉദ്ഘാടനത്തിനു മുന്നോടിയായി വർക്കല ചിലക്കൂർ കനാലിലൂടെ ഇലക്ട്രിക് ബോട്ട് ട്രയൽ റൺ നടത്തുന്നു. ചിലക്കൂർ തുരങ്കവും ചിത്രത്തിൽ കാണാം.**

## ശബരിമല സ്വർണക്കൊള്ള: നടുത്തളത്തിലിറങ്ങി പ്രതിപക്ഷ പ്രതിഷേധം, സഭ പിരിഞ്ഞു

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള ഇന്നും സഭയിൽ ഉയർത്തി പ്രതിപക്ഷം. ദേവസ്വം മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് സഭാനടപടികളിൽ നിന്ന് വിട്ടുനിന്ന പ്രതിപക്ഷം നടുത്തളത്തിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. പിന്നാലെ സഭ ബഹിഷ്കരിക്കുകയും ചെയ്തു. തുടർന്ന് സഭ ഇന്നത്തേക്ക് പിരിഞ്ഞു.

തന്ത്രിയെ കുടുക്കി മന്ത്രിയെ രക്ഷിക്കാനാണ് ശ്രമമെന്ന് രമേശ് ചെന്നിത്തല ആരോപിച്ചു. എന്തുകൊണ്ട് പത്മകുമാറിനെതിരെ നടപടി എടുത്തില്ല ഗോവിന്ദാ, കാട്ടു കള്ളന്മാർക്കൊപ്പമാണ് തന്ത്രി എന്നല്ലേ പറഞ്ഞത്. ആ കാട്ടുകള്ളന്മാർ ആരാണ് പത്മകുമാറും വാസുവുമൊക്കെയല്ലേ എന്നും അദ്ദേഹം ചോദിച്ചു.

സ്വർണക്കൊള്ള കേസിൽ പ്രധാനപ്രതികളെല്ലാം ജയിലിനു പുറത്താണെന്ന് കെ. ബാബു പറഞ്ഞു. തെളിവില്ലാതെയാണ് തന്ത്രിയെ അറസ്റ്റ് ചെയ്തത്. സഭാ നടപടികളിൽ പ്രതിപക്ഷം സഹകരിക്കില്ലെന്നും കെ. ബാബു പറഞ്ഞു.

അതേസമയം, ഹൈക്കോടതിക്കെതിരെയാണ് കെ. ബാബു പ്രതികരിച്ചതെന്ന് നിയമമന്ത്രി പി. രാജീവ് പറഞ്ഞു. ഹൈക്കോടതി മേൽനോട്ടത്തിലാണ് അന്വേഷണം. അന്വേഷണം ശരിയായ രീതിയിലാണെന്ന് ഹൈക്കോടതി പറഞ്ഞിട്ടും പ്രതിപക്ഷം സമരം നടത്തുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയാണെന്നും പി. രാജീവ് പറഞ്ഞു. മറ്റ് പ്രതികളെപ്പോലെയുള്ള അവകാശമേ തന്ത്രിക്കുള്ളൂ എന്ന് മന്ത്രി എം. ബി. രാജേഷ് പറഞ്ഞു. ബിജെപിയും യുഡിഎഫും. തന്ത്രിയെ മുൻനിർത്തി തെരുവിൽ ഇറങ്ങാനുള്ള സുവർണാവസരമാണ് പ്രതിപക്ഷം പ്രതീക്ഷിക്കുന്നതെന്നും എം. ബി. രാജേഷ് പറഞ്ഞു. തുടർന്ന്, പ്ലക്കാർഡുകളുമായി പ്രതിപക്ഷം സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധം തുടർന്നു. ശരണം വിളികളോടെയും സ്വർണം കട്ടതാരപ്പ എന്ന പാരഡിഗാനം പാടിയുമാണ് പ്രതിപക്ഷ പ്രതിഷേധം.

പ്രതിഷേധം ശക്തമാക്കിയതോടെ, പുറത്ത് സമരം നടത്തിക്കോളൂ എന്നും സഹകരിക്കണമെന്നും സ്പീക്കർ ആവശ്യപ്പെട്ടു. ഈ സഭയുടെ അവസാന ദിവസങ്ങളിലൂടെയാണ് കടന്നുപോകുന്നത്. എല്ലാം ജനങ്ങൾ കാണുന്നുണ്ടെന്നും സ്പീക്കർ പറഞ്ഞു.

പിന്നാലെ, 2026 ലെ അബ്കാരി ഭേദഗതി ബിൽ സഭയിൽ അവതരിപ്പിച്ചു. സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു. നേറ്റിവിറ്റി കാർഡ് ബില്ലും നിയമസഭയിൽ അവതരിച്ചു. മന്ത്രി കെ. രാജനാണ് ബിൽ അവതരിപ്പിച്ചത്. പിന്നാലെ സഭാനടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. സഭാ സമ്മേളനം ഗില്ലറ്റിൻ ചെയ്ത് ചൊവ്വാഴ്ച അവസാനിപ്പിക്കാൻ ധാരണയായി. കുടുതൽ ബില്ലുകളും നടപടികളും ചൊവ്വാഴ്ചത്തെ സഭാ സമ്മേളനത്തിൽ പാസാക്കും.

## 'കുട്ടിയുടെ മരണം ചികിത്സാപിഴവല്ല': ആരോഗ്യനില വഷളായത് ഇഞ്ചക്ഷൻ മൂലമല്ലെന്ന് ഡോക്ടർ

തിരുവനന്തപുരം: രണ്ടര വയസുകാരിയുടെ മരണത്തിൽ ചികിത്സാ പിഴവ് ഉണ്ടായിട്ടില്ലെന്ന് കാട്ടാക്കടയിലെ സ്വകാര്യ ആശുപത്രിയിലെ ഡോ. അരുൺ വാര്യർ. ഇഞ്ചക്ഷൻ മൂലമല്ല കുട്ടിയുടെ ആരോഗ്യനില വഷളായതെന്ന് ഡോക്ടർ മാധ്യമങ്ങളോടു പറഞ്ഞു.

ആശുപത്രിയിൽ എത്തിച്ചപ്പോൾ തന്നെ കുട്ടിക്ക് കടുത്ത ശ്വാസംമുട്ടൽ ഉണ്ടായിരുന്നു. ആരോഗ്യനില വഷളായതിനെ തുടർന്ന് കുട്ടിക്ക് അഡ്രിനാലിൻ നൽകി. നെയ്യാർ മെഡിസിറ്റിയിൽ എത്തിച്ചപ്പോൾ കുട്ടിക്ക് നേരിയ പൾസ് ഉണ്ടായിരുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

അതേസമയം, ചികിത്സാപിഴവാണ് മരണകാരണമെന്ന് ആവർത്തിക്കുകയാണ് കുട്ടിയുടെ കുടുംബം. പൂവച്ചൽ പുനലാൽ ചക്കിപാറ സ്വദേശി സിദ്ധിഖ്, ഫാസിലത്ത് ദമ്പതികളുടെ മകൾ ഐഷ ഫാത്തിമയാണ് മരിച്ചത്.

ശ്വാസതടസത്തെത്തുടർന്ന് ആശുപത്രിയിൽ എത്തിച്ച കുഞ്ഞിന് കുത്തിവയ്പിനെ തുടർന്നുണ്ടായ അസ്വസ്ഥതയാണ് മരണകാരണമെന്ന് ബന്ധുക്കൾ ആരോപിച്ചു. സംഭവത്തിൽ പോലീസ് അസ്വാഭാവിക മരണത്തിന് കേസെടുത്തു.

ശ്വാസതടസം അനുഭവപ്പെട്ടതിനെ തുടർന്ന് വെള്ളിയാഴ്ചയാണ് കുഞ്ഞിനെ കാട്ടാക്കടയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ച് ചികിത്സ നൽകിയത്. രാവിലെ വീണ്ടും കുഞ്ഞിന് അസ്വസ്ഥതയുണ്ടായി. ആശുപത്രിയിൽ എത്തിച്ച് ആവി പിടിച്ച ശേഷം രണ്ടു കുത്തിവയ്പ്പെടുത്തു. ഇതിന് പിന്നാലെ കുഞ്ഞിന് ബോധം നഷ്ടപ്പെട്ടുവെന്നാണ് ബന്ധുക്കളുടെ പരാതി. മറ്റൊരു സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

ഐഷ ഫാത്തിമയുടെ പോസ്റ്റ്മോർട്ടം ഇന്ന് തിരുവനന്തപുരം മെഡിക്കൽ കോളജിൽ നടക്കും. പോസ്റ്റ്മോർട്ടത്തിനു ശേഷമേ മരണകാരണം വ്യക്തമാവുകയുള്ളൂ.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗീകമായി പീഡിപ്പിച്ചു; രണ്ടുപേർ അറസ്റ്റിൽ

പത്തനംതിട്ട: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗീകമായി പീഡിപ്പിക്കുകയും ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്തി സുഹൃത്തിന് കൈമാറുകയും ചെയ്ത കേസിൽ രണ്ട് യുവാക്കൾ അറസ്റ്റിൽ.

തണ്ണിത്തോട് മൂഴി സ്വദേശി അനന്തു (26), തണ്ണിത്തോട് കൂത്താടിമൺ സ്വദേശി വലിയതറയിൽ വീട്ടിൽ അഭിജിത്ത് (28) എന്നിവരെയാണ് കോന്നി പോലീസ് പിടികൂടിയത്. കോട്ടയം, വെള്ളപ്പാറയിൽ വാടകയ്ക്ക് താമസിച്ചുവരികയായിരുന്നു ഇവർ. പ്രണയം നടിച്ച് പെൺകുട്ടിയെ വശീകരിച്ച അഭിജിത്ത്, പത്തനംതിട്ടയിലെ ലോഡ്ജിൽ എത്തിച്ച് പീഡിപ്പിക്കുകയും ദൃശ്യങ്ങൾ മൊബൈലിൽ പകർത്തി സുഹൃത്തായ അനന്തുവിന് അയച്ചുകൊടുക്കുകയുമായിരുന്നു. തുടർന്ന് അനന്തു ഈ ദൃശ്യങ്ങൾ പെൺകുട്ടിക്ക് വാട്ട്സ് ആപ്പിൽ അയച്ചുകൊടുത്ത് ഭീഷണിപ്പെടുത്തി. പിന്നീട് കുട്ടിയെ പൂങ്കാവിലുള്ള വാടക വീട്ടിലെത്തിച്ചും പീഡിപ്പിക്കുകയും ദൃശ്യങ്ങൾ പകർത്തുകയും ചെയ്തു. പീഡനവിവരമറിഞ്ഞ് കുട്ടിയുടെ രക്ഷതാക്കൾ പോലീസിൽ പരാതി നൽകി. കേസ് രജിസ്റ്റർ ചെയ്ത കോന്നി പോലീസ് അനന്തുവിനെ കോട്ടയത്തെ വാടകവീട്ടിൽ നിന്നും അഭിജിത്തിനെ എറണാകുളത്ത് നിന്നും പിടികൂടുകയായിരുന്നു.

## കോഴിക്കോട് കോർപ്പറേഷൻ മേയറുടെ ചേംബറിനുള്ളിൽ ബിജെപി പ്രതിഷേധം

കോഴിക്കോട്: കോർപ്പറേഷനിൽ ബിജെപി പ്രതിഷേധം തുടരുന്നു. മേയറുടെ ചേംബറിനുള്ളിൽ കയറി മുദ്രാവാക്യം വിളിച്ച് പ്രതിഷേധിച്ച ബിജെപി കൗൺസിലർമാരെ പോലീസ് ബലംപ്രയോഗിച്ച് നീക്കി. ഇവിടേക്ക് പ്രവേശിച്ച പ്രവർത്തകരെ വലിച്ചിഴച്ചും പോലീസ് മാറ്റുന്നുണ്ട്.

ബിജെപി കൗൺസിലർമാർ കരിങ്കൊടി കാട്ടിയാണ് പ്രതിഷേധിച്ചത്. വിഷയവുമായി ബന്ധപ്പെട്ട് മേയറുമായി ചർച്ച നടത്തണമെന്ന് കൗൺസിലർമാർ ആവശ്യപ്പെട്ടു. ബിജെപി ജില്ലാ അധ്യക്ഷൻ പ്രകാശ് ബാബുവിൻറെ നേതൃത്വത്തിലാണ് പ്രതിഷേധം നടക്കുന്നത്.

## തുറവൂരിൽ കെഎസ്ആർടിസി ബസ് ടിപ്പർ ലോറിയിൽ ഇടിച്ചു; നാലു പേർക്ക് പരിക്ക്

ആലപ്പുഴ: തുറവൂർ ജംഗ്ഷനിൽ കെഎസ്ആർടിസി സൂപ്പർഫാസ്റ്റ് ബസ് നിർത്തിയിട്ടിരുന്ന ടിപ്പർ ലോറിക്ക് പിന്നിൽ ഇടിച്ച് അപകടം. ബസ് ഡ്രൈവർ അടക്കം നാലു പേർക്ക് പരിക്കേറ്റു. ഇന്നു പുലർച്ചെ അഞ്ചരയ്ക്കായിരുന്നു സംഭവം. എറണാകുളത്തുനിന്നു തിരുവനന്തപുരത്തേക്ക് പോവുകയായിരുന്ന സൂപ്പർഫാസ്റ്റ് ബസാണ് പാതയോരത്ത് ഒതുക്കിയിട്ടിരുന്ന ടിപ്പർ ലോറിയിൽ ഇടിച്ചത്.

കുത്തിയതോട് പോലീസും അഗ്നിരക്ഷാ സേനയും ചേർന്ന് രക്ഷാപ്രവർത്തനം നടത്തി.

## ഉത്സവത്തിനിടെ എസ്ഐയുടെ അടിവയറ്റിൽ ചവിട്ടി: സിപിഎം ലോക്കൽ കമ്മിറ്റി സെക്രട്ടറിക്കെതിരേ കേസ്

കാട്ടാക്കട: വെള്ളറടയിൽ എസ്ഐയെ സിപിഎം ലോക്കൽ സെക്രട്ടറി മർദിച്ചതായി പരാതി. വെള്ളറട സിപിഎം ലോക്കൽ സെക്രട്ടറി പ്രദീപാണ് മർദിച്ചത്. ക്ഷേത്രോത്സവത്തിനിടെ ഗതാഗത തടസമുണ്ടാക്കിയത് ചോദ്യം ചെയ്തതിനാണ് എസ്ഐയെ മർദിച്ചത്. മുഖത്തടക്കം പരിക്കേറ്റ വെള്ളറട എസ്ഐ അഭിജിത്ത് ചികിത്സയിലാണ്. ലോക്കൽ സെക്രട്ടറി പ്രദീപിനെതിരെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുത്തിട്ടുണ്ട്. എസ്ഐയുടെ അടിവയറ്റിലും ജനനേന്ദ്രിയത്തിലും ചവിട്ടിയെന്നാണ് എഫ്ഐആറിൽ പറയുന്നത്.

## കോൺക്രീറ്റ് പാളി തകർന്നുവീണ് തൊഴിലാളികൾ മരിച്ച സംഭവം; പ്രതിഷേധവുമായി ബിജെപി

കോഴിക്കോട്: വലിയങ്ങാടിയിൽ കെട്ടിടത്തിൻറെ കോൺക്രീറ്റ് പാളി തകർന്നുവീണുണ്ടായ അപകടത്തിൽ പ്രതിഷേധവുമായി ബിജെപി. കോഴിക്കോട് കോർപ്പറേഷനിലേക്ക് ബിജെപി ജില്ലാ പ്രസിഡൻറ് ഉൾപ്പടെയുള്ള നേതാക്കൾ പ്രകടനവുമായെത്തി. കോർപ്പറേഷൻ പരിസരത്തേക്ക് മതിൽ ചാടിക്കടന്ന് പ്രവേശിച്ച പ്രവർത്തകരെ പോലീസ് വലിച്ചിഴച്ചു. പോലീസുമായി വാക്കേറ്റമുണ്ടായതിന് പിന്നാലെ നേതാക്കന്മാരും പ്രവർത്തകരും കുത്തിയിരുന്ന പ്രതിഷേധിക്കുകയാണ്.

കോർപ്പറേഷൻ മേയർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് ബിജെപി നേതാക്കൾ ആവശ്യപ്പെട്ടു. അതേസമയം, വീഴ്ച പരിശോധിക്കുമെന്ന് മേയർ പ്രതികരിച്ചു. കോർപ്പറേഷൻറെ നിയന്ത്രണത്തിലുള്ള ബീച്ചിലെ പഴയ പാസ്പോർട്ട് ഓഫീസിൻറെ കെട്ടിട ഭാഗമാണ് തകർന്നുവീണത്. കെട്ടിടത്തിൻറെ കാലപ്പഴക്കമാണ് അപകടകാരണം. ലോഡിംഗ് തൊഴിലാളികളായ ജബ്ബാർ, അഷ്റഫ്, ബഷീർ എന്നിവരാണ് മരിച്ചത്. അഞ്ച് പേർ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിയിരുന്നു. ഇവരെ രക്ഷപ്പെടുത്തി ആശുപത്രിയിലേക്ക് മറ്റിയെങ്കിലും ആദ്യം രണ്ട് പേരുടെയും പിന്നീട് ഒരാളുടെയും മരണം സ്ഥിരീകരിക്കുകയായിരുന്നു.

## ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി ജ്യോതിബാബുവിന് ഇടക്കാല ജാമ്യം

ന്യൂഡൽഹി: ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതി ജ്യോതിബാബുവിന് ഇടക്കാല ജാമ്യം അനുവദിച്ച് സുപ്രീംകോടതി. ജ്യോതിബാബുവിൻറെ രണ്ട് വൃക്കകളും പ്രവർത്തനരഹിതമായതായും അടിയന്തരമായി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമാണെന്നുമുള്ള മെഡിക്കൽ റിപ്പോർട്ട് പരിഗണിച്ചാണ് കോടതിയുടെ നടപടി.ജയിലിൽ വെച്ച് കൃത്യമായ ചികിത്സ നൽകാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രതിഭാഗം ജാമ്യാപേക്ഷ സമർപ്പിച്ചത്. സർക്കാരും ജ്യോതിബാബുവിൻറെ ആരോഗ്യനില സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ട് കോടതിക്ക് കൈമാറിയിരുന്നു. നവംബറിൽ ഇദ്ദേഹത്തിൻറെ ജാമ്യാപേക്ഷ സുപ്രീംകോടതി തള്ളിയിരുന്നു.

എന്നാൽ ആരോഗ്യനില വഷളായ സാഹചര്യത്തിലാണ് ഇപ്പോൾ മാനുഷിക പരിഗണനയോടെ ഇടക്കാല ജാമ്യം അനുവദിച്ചത്. ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ഗൂഢാലോചനാ കുറ്റത്തിന് ഹൈക്കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ച പ്രതിയാണ് സിപിഎം കുന്നോത്തുപറമ്പ് ലോക്കൽ കമ്മിറ്റി മുൻ അംഗമായ ജ്യോതി ബാബു. ഹൈക്കോടതി വിധിക്ക് പിന്നാലെ 2024 ഫെബ്രുവരിയിലാണ് ഇദ്ദേഹം കീഴടങ്ങിയത്. കൊലപാതക ക്കേസിലെ പ്രതിയായതിനാൽ ജാമ്യം അനുവദിക്കുന്നതിനെ ടി. പി. ചന്ദ്രശേഖരൻറെ ഭാര്യയും എംഎൽഎയുമായ കെ. കെ. രമ കോടതിയിൽ എതിർത്തിരുന്നു.എന്നാൽ ചികിത്സയ്ക്കുള്ള മൗലികാവകാശം പരിഗണിച്ചാണ് കോടതിയുടെ ഈ ഉത്തരവ്.

## തദ്ദേശ സ്ഥാപനങ്ങളിലെ സത്യപ്രതിജ്ഞാ ലംഘനത്തിൽ ഇടപെട്ട് ഹൈക്കോടതി

കൊച്ചി: കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ നിയമപരമായ ചട്ടങ്ങൾ ലംഘിച്ച് സത്യപ്രതിജ്ഞ ചെയ്തെന്ന പരാതിയിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ അടിയന്തരമായി തീരുമാനമെടുക്കണമെന്ന് കേരള ഹൈക്കോടതി.

സത്യപ്രതിജ്ഞാ വാചകങ്ങളിൽ മാറ്റം വരുത്തുകയോ, രാഷ്ട്രീയ നേതാക്കളുടെയോ രക്തസാക്ഷികളുടെയോ പേരുകൾ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നത് ചട്ടലംഘനമാണെന്ന് കോടതി നിരീക്ഷിച്ചു. കേരള പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുള്ള സത്യപ്രതിജ്ഞാ മാതൃകയിൽ ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ യഥേഷ്ടം വരുത്താൻ ഒരാൾക്കും അവകാശമില്ല.

പരാതികളിൽ നേരിട്ട് തീർപ്പ് കൽപ്പിക്കുന്നതിന് പകരം, വിഷയം പരിശോധിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷനോട് കോടതി നിർദ്ദേശിച്ചു. എല്ലാ കക്ഷികൾക്കും തങ്ങളുടെ ഭാഗം വിശദീകരിക്കാൻ അവസരം നൽകണം. നാല് ആഴ്ചയ്ക്കുള്ളിൽ പരാതികളിൽ കമ്മീഷൻ വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടെയുള്ള വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ അംഗങ്ങൾ ഔദ്യോഗിക വാചകങ്ങൾക്ക് പകരം ദൈവങ്ങളുടെയോ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയോ പേരിൽ സത്യപ്രതിജ്ഞ ചെയ്തതിനെതിരെയാണ് ഹർജി സമർപ്പിക്കപ്പെട്ടത്. നിശ്ചിത മാതൃകയിലല്ലാതെ സത്യപ്രതിജ്ഞ ചെയ്യുന്നവർക്ക് അംഗമായി തുടരാനോ വോട്ട് ചെയ്യാനോ അവകാശമില്ലെന്ന് മുൻ ഉത്തരവുകൾ ഉദ്ധരിച്ച് കോടതി ചൂണ്ടിക്കാട്ടി.

